**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2214** 09-02-2023 - ൽ മറുപടിയ്ക്ക്

**സെർവർ തകരാറുകൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സെർവർ തകരാറുണ്ടാകുന്ന സന്ദർഭങ്ങളിൽ പൊതുജനങ്ങൾക്ക് റേഷൻ സാധനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് റേഷൻകടകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | റേഷൻ വിതരണവുമായി ബന്ധപ്പെട്ട സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ അനുബന്ധ ഏജൻസികളായ NIC ടീം, IT മിഷൻ, UIDAI എന്നിവരുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ റേഷൻ കടകളുടെ പ്രവർത്തനസമയം പുന:ക്രമീകരിച്ചുകൊണ്ട് സംസ്ഥാനത്തെ ഏഴ് ജില്ലകളിലെ റേഷൻകടകൾ രാവിലെയും ശേഷിക്കുന്ന ഏഴ് ജില്ലകളിലെ കടകൾ ഉച്ചയ്ക്ക് ശേഷവും പ്രവർത്തിച്ച് റേഷൻ വിതരണം തടസ്സം കൂടാതെ നടത്തുന്നുണ്ട്. |
| (ബി) | സെർവർ തകരാറുകൾ സ്ഥായിയായി പരിഹരിക്കാൻ എന്തെല്ലാം പരിഹാര മാർഗ്ഗങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | സാങ്കേതിക തടസങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് NIC ടീം, IT മിഷൻ, UIDAI എന്നിവർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA)സെർവറിൽ ഉണ്ടാകുന്ന നെറ്റ് വർക്ക് എറർ കാരണം റേഷൻ വിതരണം തടസ്സപ്പെടാതിരിക്കുന്നതിനായി NIC യുടെ(AUA)സെർവർ അധികമായി ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിന് രണ്ട് ഓതന്റിക്കേഷൻ യൂസർ ഐഡി നിലവിൽ വരികയും ബയോമെട്രിക് ഓതന്റിക്കേഷൻ സുഗമമാകുകയും തുടർന്ന് റേഷൻ വിതരണം തടസം കൂടാതെ നടത്തുന്നതിന് സാധിക്കുകയും ചെയ്യും. |
| (സി) | നിലവിൽ നോൺ പ്രയോറിറ്റി സബ്സിഡി, നോൺ പ്രയോറിറ്റി നോൺ സബ്സിഡി വിഭാഗക്കാർക്ക് സംസ്ഥാന സർക്കാർ സബ്സിഡിയോടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനാൽ ഇ-പോസ് മെഷീനിൽ രണ്ട് പ്രാവശ്യം ബയോമെട്രിക് ഓതന്റിഫിക്കേഷൻ നടത്തി രണ്ട് തരം ബില്ലുകൾ | (സി) | രണ്ട് പ്രാവശ്യം ഓതന്റിക്കേഷൻ നടത്തി NFSA, STATE എന്നിങ്ങനെ രണ്ട് ബില്ലിംഗിലൂടെ റേഷൻ സാധനങ്ങൾ വിതരണം നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തെത്തുടർന്ന് NIC സ്വീകരിച്ചിട്ടുള്ള നടപടിയാണ്. |

| | | | |
|---|---|---|---|
| | നൽകുന്നത് ഒഴിവാക്കി ഒരു ഓതന്റിഫിക്കേഷൻ നടത്തി ഒറ്റ ബിൽ നൽകുന്ന രീതി അവലംബിക്കുന്നത് പൊതുജനങ്ങൾക്കും റേഷൻ വ്യാപാരികൾക്കും ഒരു പരിധി വരെ സമയം ലാഭിക്കാനും ബുദ്ധിമുട്ടുകൾ കുറയക്കാനും സാധിക്കുമെന്നതിനാൽ ഇക്കാര്യം പരിശോധിക്കാമോ? | | |

സെക്ഷൻ ഓഫീസർ